(സി) തിരുവനന്തപുരത്തെ സ്റ്റാമ്പ മാനഫാക്ചറിയിൽ പ്രോസസ്സ് ഡൈ ഉണ്ടാക്കുന്നതിനുവേണ്ടുന്ന യന്ത്രസാമഗ്രികളും ഇല്ല. പുതിയ കേരള, ചിഹ്നത്തോടുകൂടിയ സ്റ്റാമ്പുകളുടെ പ്രോസസ്സ് ഡൈ ഉണ്ടാക്കുന്നതിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്.

(ഡി) തിരുവിതാംകൂർ മഹാരാജാവിന്റെ പടമുള്ള അഞ്ചു ന.പൈസ റവന്യൂ സ്റ്റാമ്പുകളും മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. പുതിയ കേരള അഞ്ചു ന.പൈസ റവന്യൂ സ്റ്റാമ്പ് പുറപ്പെടുവിക്കുന്നതുവരെ മഹാരാജാവിന്റെ പടമുള്ള അഞ്ചു ന.പൈസ റവന്യൂ സ്റ്റാമ്പിന്റെ വിൽപ്പന തുടരുന്നതാണ്.

നേന്ത്രക്കായ് കയറ്റുമതി കോർപ്പറേഷൻ

* 800. [20] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശങ്ങളിലേക്ക് നേന്ത്രക്കായ് കയറ്റി അയക്കുന്നതു സംബന്ധിച്ച് കോർപ്പറേഷന്റെ പ്രവർത്തനം നമ്മുടെ സ്റ്റേറ്റിൽ എന്തൊക്കെയാണ് ;

(ബി) സ്റ്റേറ്റ് ഗവണ്മെന്റ് ഇതിൽ ഷെയർ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) 1962-63 വർഷത്തിൽ എത്ര ടൺ വാഴപ്പഴം നാം കയറ്റി അയച്ചു?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ, ബി) ദി സൗത്ത് ഇൻഡ്യാ ബനാനാ ആൻറ് ഫ്രൂട്ട് ഡവലപ്പ്മെൻറ് കമ്പനി അടുത്തുതന്നെ രജിസ്റ്റർചെയ്യുന്നതാണ്. അതിൽ ഗവണ്മെൻറ് 1,27,500 രൂപായുടെ ഷെയർ എടുക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ട്.

(സി) കേരളത്തിൽനിന്നും കയറ്റി അയച്ചതായി അറിവില്ല.

പോലീസ് ഉദ്യോഗസ്ഥന്മാരുടെ സസ്പെൻഷൻ.

* 801. [23] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്വേഷണത്തിനു വിധേയമായി എത്ര പോലീസ് ഉദ്യോഗസ്ഥന്മാർ ഇപ്പോൾ സസ്പെൻഷനിലുണ്ട്; ആരൊക്കെ ;

(ബി) ഹൊസ്ദുർഗ് സബ്ഇൻസ്പെക്ടർ ശങ്കരൻ നമ്പ്യാർ സസ്പെൻറ് ചെയ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കാരണമെന്താണ് ;

(ഡി) ആരാണ് ആക്ഷേപം ബോധിപ്പിച്ചത് ;

(ഇ) അന്വേഷണം കഴിഞ്ഞുവോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 129. അവരുടെ പേരുവിവരം † അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്.

(സി) കാസർകോട് ആർ. ഡി. ഒ. നടത്തിയ പ്രാഥമികാന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കണ്ടതുകൊണ്ട്.

(ഡി) എം. എൽ. എ. ശ്രീ. കുഞ്ഞികൃഷ്ണൻ നായർ.

(ഇ) ഇല്ല.

† Appendix II

LIBRARY ARCHIVES Kerala Legislative Assembly